പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6577 8.11.2016 ൽ മറുപടിയ്ക്ക്

**അംഗപരിമിതർക്ക് സ്വയം തൊഴിൽ**

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അംഗപരിമിതർക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി രണ്ട് തരം വായ്പകൾ അനുവദിച്ചു വരുന്നു.:- <br>1. എൻ.എച്ച്.എഫ്.ഡി.സി വായ്പാ പദ്ധതി- എൻ.എച്ച്.എഫ്.ഡി.സി യിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് വായ്പ നൽകി വരുന്നു. ടി വായ്പ 6% പലിശ നിരക്കിൽ ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യത്തിന്മേൽ 5 വർഷത്തെ കാലാവധിക്കാണ് നൽകി വരുന്നത്. <br>2. ബാങ്ക് ലോൺ സബ്സിഡി പദ്ധതി- സർവ്വീസ് ഏരിയാ ബാങ്കുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയാണിത്. ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് വികലാംഗത്വ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റേഷൻ കാർഡിന്റെ 1, 2 പേജിന്റെ പകർപ്പ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം കോർപ്പറേഷനിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് പ്രസ്തുത അപേക്ഷ ശുപാർശ ചെയ്യുകയും വായ്പ അനുവദിച്ചതായി ബാങ്കിന്റെ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വായ്പ തുകയ്ക്ക് ആനുപാതികമായി സബ്സിഡി നൽകുകയും ചെയ്യുന്നു. |
| (ബി) സ്വയം തൊഴിൽ പദ്ധതികളുമായി ബന്ധപ്പെട്ട് അംഗപരിമിതർ അപേക്ഷകൾ നൽകിയിട്ടുണ്ടോ; ഇത്തരം അപേക്ഷകർക്ക് സാമ്പത്തിക സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു. |
| (സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ഇവരെ സഹായിക്കുന്നില്ലെന്ന പരാതിയിൽ എടുത്ത നടപടികൾ വിശദമാക്കുമോ? | (സി) ഇത്തരത്തിലൊരു പരാതി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ